# PREFACE

*The* **'FOCUS'** *is published by the Kerala Legislature Secretariat for the use of the members of the Kerala Legislative Assembly. It is a digest containing articles and excerpts from books on subjects of current intellectual, political, social and cultural interest, news, reports of the commissions and committees and reviews of books. The views expressed therein are those of the authors and do not necessarily reflect the views of the Kerala Legislature Secretariat.*

*Materials reproduced from other sources may not be republished in any form. Inquiries regarding permission for publication may be addressed directly to the sources cited.*

`

***V.K. BABU PRAKASH,***
***SECRETARY,***
***KERALA LEGISLATIVE ASSEMBLY.***

# CONTENTS

VOL. XLVII | October 2017 | No. 10


| | | |
|---|---|---|
| | **ARTICLES** | *page* |
| ഡോ. അമിത് കുമാർ ദ്വിവേദി<br>ശരവൺ വേലുസ്വാമി | നൈപുണ്യ, സംരംഭകത്വ വികസനം നവഭാരതത്തിൽ<br>[യോജന, ഒക്ടോബർ 2017] | 1-10 |
| സെബാസ്റ്റ്യൻ പോൾ | ആരും അഴിയെണ്ണുന്നില്ല<br>[ദേശാഭിമാനി വാരിക, 1 ഒക്ടോബർ 2017] | 11-14 |
| ഹമീദ് ചേന്നമംഗലൂർ | പൊളിച്ചെഴുതണം വിദ്യാർത്ഥി രാഷ്ട്രീയം<br>[സമകാലിക മലയാളം, 23 ഒക്ടോബർ 2017] | 15-19 |
| Akshay Deshmane | Draft rules and dissent<br>[Frontline, 13 October, 2017 ] | 20-24 |
| T.K. Rajalakshmi | Blueprint for privatisation<br>[Frontline, 13 October, 2017 ] | 25-31 |
| | **BOOK REVIEW** | |
| Smita Gupta | The ultimate insider - [Book review on "The Coalition Years 1996-2012" written by Pranab Mukherjee<br>[The Hindu, 29 October, 2017 ] | 32-34 |
| | **LEGISLATIVE BUSINESS** | |
| | Resume of Business - 12th Session of the 16th Lok Sabha | 35-47 |



# നൈപുണ്യ, സംരംഭകത്വ വികസനം നവഭാരതത്തിൽ

**ഡോ. അമിത് കുമാർ ദ്വിവേദി, ശരവൺ വേലുസ്വാമി**

കഴിഞ്ഞ രണ്ടു ദശകങ്ങളായി മൊത്ത ആഭ്യന്തര ഉത്പാദനത്തിൽ ശരാശരി 7 ശതമാനം വളർച്ചാ നിരക്ക് രേഖപ്പെടുത്തുന്ന ഇന്ത്യ, ലോകത്തിലെ ഏറ്റവും വലിയ സമ്പദ് വ്യവസ്ഥകളിലൊന്നാണ്. വികസ്വര രാഷ്ട്രങ്ങൾക്കിടയിൽ നവ വ്യവസായ സമ്പദ് വ്യവസ്ഥയായി വർഗീകരിക്കപ്പെട്ടിരിക്കുന്ന ഇന്ത്യ, രാജ്യത്ത് എണ്ണത്തിൽ മുന്നിട്ടു നില്ക്കുന്ന യുവജനങ്ങളുടെ കഴിവുകൾ പൂർണമായും പ്രയോജനപ്പെടുത്തിയിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. വ്യാവസായിക ഉത്പാദനം, നഗരവത്ക്കരണം, തൊഴിലുകൾക്കായി നഗരങ്ങളിലേയ്ക്കുള്ള കുടിയേറ്റം തുടങ്ങിയവയിൽ സമ്പദ് വ്യവസ്ഥ വളർച്ചയുടെ പാതയിലാണ്. രാജ്യത്തെ മൊത്ത ആഭ്യന്തര ഉത്പാദനത്തിൽ ഏറ്റവും വലിയ സംഭാവന നല്കുന്നത് സേവന മേഖലയാണ്. പിന്നിൽ വ്യവസായവും കൃഷിയും ഉണ്ട്. രാജ്യത്തെ തൊഴിലാളികളിൽ പകുതിയും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. അതിൽ 93 ശതമാനം അനൗദ്യോഗിക വിഭാഗത്തിലുമാണ്.

അടുത്ത കാലത്ത് അസോസിയേറ്റഡ് ചെമ്പേഴ്സ് ഓഫ് കൊമേഴ്സ് ഇന്ത്യ(അസോച്ചം) നടത്തിയ പഠനമനുസരിച്ച് 2020 -ൽ രാജ്യത്ത് തൊഴിൽ ചെയ്യാൻ പ്രാപ്തിയുള്ള 170 ദശലക്ഷം ആളുകൾ ഉണ്ടായിരിക്കും. ജനസംഖ്യ വളർച്ചാ നിരക്ക്, തൊഴിലിലെ വർധിക്കുന്ന പങ്കാളിത്തം, വിദ്യാഭ്യാസത്തിനായി എത്തുന്നവരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ നിഗമനം. അതിനാൽ നാം നമ്മുടെ യുവാക്കൾക്ക് ഇപ്പോൾ പരിശീലനം നല്കിയില്ലെങ്കിൽ നമുക്ക് നമ്മുടെ യുവശക്തിയെ. ഊർജ്ജസ്വലരായ. തൊഴിലിനു പ്രാപ്തരായ ചെറുപ്പക്കാരെ പ്രയോജനപ്പെടുത്താൻ സാധിക്കാതെ പോകും. മാത്രമല്ല, ചൂഷണം ചെയ്യാമായിരുന്ന ജനസംഖ്യാപരമായ സാധ്യതകൾ ഒടുവിൽ ദുരന്തമായി മാറുകയും ചെയ്യും. തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിൽ ചെയ്യാൻ യോഗ്യരായ യുവജനങ്ങളെ ഒരുക്കുക എന്നീ നടപടികൾ ഒരുമിച്ചു പോകണം.

## നൈപുണ്യ രാഹിത്യം

നിലവാരമുള്ള വിദ്യാഭ്യാസത്തിന്റെ അഭാവം മൂലമാണ് നമ്മുടെ യുവജനങ്ങൾക്ക് തൊഴിൽയോഗ്യത ഇല്ലാതെ പോകുന്നത്. തൊഴിൽ



അവസരങ്ങളുടെ കുറവും തൊഴിൽ വിപണിയിൽ മത്സരം വർധിപ്പിച്ചിരിക്കുന്നു. തൊഴിലധിഷ്ഠിതമായ നൈപുണ്യ പരിശീലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പണത്തിന്റെ അഭാവമാണ് ഇത്തരം അവിദഗ്ധരായ തൊഴിലാളികളുടെ സംഖ്യ വർധിക്കാൻ ഇടയാക്കുന്നത്. രാജ്യത്തെ ഇത്തരം തൊഴിലാളികൾ ഭൂരിഭാഗവും ജോലി ചെയ്യുന്നത് അരക്ഷിതമായ തൊഴിൽ സാഹചര്യങ്ങളിലാണ്. സ്കൂളുകളിൽ നിന്നും കോളേജുകളിൽ നിന്നും വൻ തോതിലുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്കും ഒപ്പം സംരംഭകത്വ പ്രോത്സാഹനത്തിന്റെയും നവീകരണത്തിന്റെയും അഭാവവും രാജ്യത്തെ യുവാക്കൾക്കിടയിൽ തൊഴിലില്ലായ്മ വ്യാപകമാക്കി. ഈ സാഹചര്യത്തിലാണ് ഇന്ത്യാ ഗവൺമെന്റ് രാജ്യത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സംരംഭകത്വം പ്രോത്സാഹിപ്പിക്കാനും പ്രതിജ്ഞാ ബദ്ധമായിരിക്കുന്നത്. ബജറ്റ് അവതരണ വേളയിൽ കേന്ദ്ര ധനമന്ത്രി ശ്രീ. അരുൺ ജെയ്റ്റ്ലി പറഞ്ഞു- യുവാക്കളെ വിദ്യാഭ്യാസം, നൈപുണ്യം, ജോലി എന്നിവ കൊണ്ട് ശക്തരാക്കുക എന്നതാണ് ഗവൺമെന്റിന്റെ പ്രധാന ലക്ഷ്യം. ഏണസ്റ്റ് ആൻഡ് യങ് നടത്തിയ പഠനത്തിൽ മൊത്തം തൊഴിലാളി സമൂഹത്തിൽ വെറും പത്തു ശതമാന ത്തിനു മാത്രമെ ഏതെങ്കിലും തരത്തിലുള്ള നൈപുണ്യപരിശീലനം ലഭിക്കുന്നുള്ളൂ എന്നാണ് വെളിവായത്. നിലവിലുള്ള പരിശീലന സമ്പ്രദായത്തിൽ പരിശീലനത്തിന്റെ നിലവാരവും പ്രസക്തിയും ഉറപ്പാക്കുക, സ്ഥാപനപരമായ സംവിധാനം സൃഷ്ടിക്കുക, ഈ പരിശീലന സംരംഭങ്ങൾക്ക് പണം ലഭ്യമാക്കുക തുടങ്ങിയവയാണ് വരും വർഷങ്ങളിൽ നൈപുണ്യ വികസന കാര്യത്തിൽ ഗവൺമെന്റ് അഭിമുഖീകരിക്കാൻ പോകുന്ന വെല്ലുവിളികൾ എന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

**യോഗ്യതയുള്ള തൊഴിലാളി സമൂഹത്തെ സൃഷ്ടിക്കൽ**

പേറ്റന്റുകൾ തരം തിരിക്കുന്നതിലും, സ്റ്റാർട്ട് അപ്പുകളെ വളർത്തുന്നതിലും ഇന്ത്യ കാര്യമായി ശ്രദ്ധിച്ചില്ല എന്നാണ് അസോസിയേറ്റഡ് ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ഇന്ത്യയും ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസും ചേർന്നു നടത്തിയ ഒരു പഠനം ചൂണ്ടിക്കാട്ടുന്നത്. സംസ്ഥാന, കേന്ദ്ര സർവകലാശാലകൾ പോലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഗവേഷണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടത്ര പണം കിട്ടുന്നില്ല എന്നും പഠനത്തിൽ വ്യക്തമാക്കുന്നു. രാജ്യത്ത്



സംരംഭകത്വം മെച്ചപ്പെടുത്തുന്നതിനുള്ള ഏക മാർഗ്ഗമായി നൈപുണ്യ പരിശീലനം മാറിയത് അങ്ങനെയാണ്. ഭാവിയിൽ നിപുണരായ തൊഴിലാളി സമൂഹത്തെ സൃഷ്ടിക്കേണ്ടത് ആവശ്യമായതിനാൽ ഗവൺമെന്റും ആ പ്രശ്നം പരിഹരിക്കാനുള്ള തീരുമാനത്തിലാണ്. അതിനായി തൊഴിലാളികളുടെ ലഭ്യത-ആവശ്യകത എന്നിവ തമ്മിലുള്ള പൊരുത്തക്കേട്, പരിശീലന പരിപാടികളുടെ സുസ്ഥിരതയും നിലവാരവും, മികച്ച ഗുണമേന്മയുള്ള പരിശീലനാർത്ഥികളുടെ ചേർക്കലും പരിശീലനവും, വിപുലമായ പരിശീലനത്തിനാവശ്യമായ അടിസ്ഥാന വികസന സൗകര്യം ലഭ്യമാക്കൽ തുടങ്ങിയ മേഖലകളിലായിരിക്കും ഗവൺമെന്റ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുക. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും നൈപുണ്യ വികസനത്തിനുമുള്ള വിഭവങ്ങൾ ലഭ്യമാക്കണമെന്നും സൗകര്യങ്ങൾ കണ്ടെത്തി വിവിധ തരം ഗുണഭോക്താക്കളുടെ വൈദഗ്ധ്യവും പ്രയത്നവും കേന്ദ്രീകരിച്ച് മുഴുവൻ സമ്പദ് വ്യസ്ഥയ്ക്കും വേണ്ടി യോഗ്യരായ തൊഴിലാളി സമൂഹത്തെ സൃഷ്ടിക്കണമെന്നും റിപ്പോർട്ട് നിർദ്ദേശിക്കുന്നു.

**സ്കിൽ ഇന്ത്യ പദ്ധതി**

രാജ്യത്ത് ഗുണനിലവാരമുള്ള തൊഴിലാളികളും അവർക്ക് തൊഴിൽ ലഭ്യതയും ഉറപ്പുവരുത്തുന്നതിന് വേണ്ടി ഇന്ത്യാ ഗവൺമെന്റ് നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയം തന്നെ രൂപീകരിച്ചിട്ടുണ്ട്. തൊഴിൽ വിപണിയിലെ സാങ്കേതിക മുന്നേറ്റങ്ങൾക്കിടയിലും രാജ്യത്തെ തൊഴിലാളി സമൂഹത്തിന്റെ തൊഴിൽപരമായ ശേഷി വർധിപ്പിക്കുക എന്നതാണ് നൈപുണ്യ വികസനം സംബന്ധിച്ച ദേശീയ നയത്തിന്റെ കാഴ്ചപ്പാട്. പാവപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി സമ്പദ് വ്യവസ്ഥയിൽ ഉത്പാദന വർധനവും രാജ്യത്തിന്റെ മത്സരക്ഷമതയുടെ ശാക്തീകരണവുമാണ് അത് ലക്ഷ്യമിടുന്നത്.

യുവാക്കൾക്ക് ആദായകരമായ തൊഴിൽ നേടുന്നതിനാവശ്യമായ വ്യാവസായിക പ്രസക്തമായ നൈപുണ്യം സമ്പാദിക്കുന്നതിനുള്ള നൈപുണ്യ വികസന പരിപാടിയാണ് പ്രധാനമന്ത്രി കൗശൽ വികാസ് യോജന (പിഎംകെവിവൈ). പങ്കെടുക്കുന്നവർ എത്ര അറിവും നൈപുണ്യവും നേടി എന്നതിനു സാക്ഷ്യപത്രം വഴി അംഗീകാരം നല്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണ് ഇത്. നേരത്തെ



നേടിയിട്ടുള്ള പരിചയവും നൈപുണ്യവും മുൻപഠന അംഗീകാരത്തിൽ വിലയിരുത്തപ്പെടും. ഈ പദ്ധതി പ്രകാരം പിഎംകെവിവൈ കേന്ദ്രങ്ങളിൽ ഹ്രസ്വകാല പരിശീലനങ്ങളും നടത്തപ്പെടുന്നുണ്ട്. പുതുതായി തൊഴിൽ വിപണിയിൽ ഇറങ്ങുന്നവർ ഉൾപ്പെടെയുള്ള മുഴുവൻ തൊഴിലാളി സമൂഹത്തെയുമാണ് സ്കിൽ ഇന്ത്യ ലക്ഷ്യമിടുന്നത്. സംഘടിതവും അസംഘടിതവുമായ മേഖലകളിലുള്ള എല്ലാവരും ഇതിൽ ഉൾപ്പെടുന്നു.

| **തൊഴിലാളി സമൂഹം** | **നൈപുണ്യ പരിശീലനം ലഭ്യമാക്കേ ഏകദേശം തൊഴിലാളികൾ** |
|---|---|
| മുക്കുവർ | 12.8 ദശലക്ഷം/ ഓരോ വർഷവും |
| സംഘടിത തൊഴിലാളികൾ | 26 ദശലക്ഷം |
| അസംഘടിത തൊഴിലാളികൾ | 433 ദശലക്ഷം |
| 2022 വരെ നൈപുണ്യ പരിശീലനം നല്കാൻ ഉദ്ദേശിക്കുന്നത് | 500 ദശലക്ഷം |
| ദേശീയ നൈപുണ്യ വികസന കോർപ്പറേഷന്റെ ഇപ്പോഴത്തെ ശേഷി. | പ്രതിവർഷം 3.1 ദശലക്ഷം |

**(2004-2005 ലെ കണക്ക് കടപ്പാട് : ദേശീയ നൈപുണ്യ വികസന നയം, 2015)**

മുകളിൽ വിവരിച്ച പട്ടികയിൽ നിന്നും സ്കിൽ ഇന്ത്യ വളരെ അഭിലഷണീയമായ പരിപാടിയാണെന്നു മനസ്സിലാക്കാം. വിവിധ വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് വൈവിധ്യമാർന്ന നൈപുണ്യ പരിശീലനം നല്കി രാജ്യത്തെ വ്യവസായ മേഖലയ്ക്ക് ആഗ്രഹിക്കുന്ന വിദഗ്ധ തൊഴിലാളികളുടെ സഞ്ചയം സൃഷ്ടിക്കുക എന്നതാണ് അതിന്റെ ലക്ഷ്യം. നാഷണൽ സ്കിൽ ഡവലപ്മെന്റ് കോർപ്പറേഷൻ വഴിയാണ് പിഎംകെവിവൈയുടെ പദ്ധതികൾ നടപ്പാക്കുന്നതെങ്കിലും



സംരംഭകത്വം, ലളിത നൈപുണ്യം, സാമ്പത്തിക വികസനം തുടങ്ങിയ പ്രത്യേക മേഖലകളിൽ പരിശീലന സൗകര്യം ഒരുക്കാൻ മറ്റു സ്ഥാപനങ്ങളെയും സംഘടനകളെയും പ്രോത്സാഹിപ്പിക്കുന്നുമുണ്ട്. പരിശീലനം, വിദഗ്ധോപദേശം, ഗവേഷണം തുടങ്ങിയവ വഴി രാജ്യത്തെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഓൻട്രപ്രണർഷിപ്പ് ആൻഡ് സ്മോൾ ബിസിനസ് ഡെവലപ്മെന്റ് സ്ഥാപിതമായത്. സംരംഭകത്വം, നൈപുണ്യ വികസനം എന്നിവയിൽ പ്രതേയക കോഴ്സുകളും പരിശീലകർക്കായുള്ള പ്രത്യേക പരിശീലനങ്ങളും സംരംഭകത്വ വികസന പരിപാടികളുമാണ് ഈ ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്ത് നടത്തുന്നത്.

**സംരംഭകത്വത്തിനാവശ്യമായ സാഹചര്യങ്ങൾ സജ്ജമാക്കുക**

വിദ്യാർത്ഥികളായ സംരംഭകരെ അവരുടെ സ്റ്റാർട്ട് അപ്പ് ഉദ്യമങ്ങളിൽ സഹായിക്കുന്നതിനായി സർവകലാശാലകൾ ഇങ്കുബേഷൻ സെന്ററുകൾ സ്ഥാപിക്കുകയും ഉപദേഷ്ടാക്കളെ നിയമിക്കുകയും ചെയ്യുന്നുണ്ട്. വിവിധ സംസ്ഥാന ഗവൺമെന്റുകൾ പ്രധാന നഗരങ്ങളിൽ മാത്രമല്ല 50000 മുതൽ ഒരു ലക്ഷം വരെ ജനസംഖ്യയുള്ള പട്ടണങ്ങളെയും സ്റ്റാർട്ട് അപ് ഹബ്ബുകളാക്കി മാറ്റി പുത്തൻ വ്യവസായ മാതൃകകളെയും സാങ്കേതിക ഉത്പ്പന്ന സംരംഭങ്ങളെയും സഹായിക്കുന്നു. നൈപുണ്യവികസന സംരംഭകത്വ മന്ത്രാലയം ഉപദേഷ്ടാക്കളെയും കൂട്ടാളികളെയും ഇങ്കുബേറ്ററുകളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനും സംരംഭകരും ഇ-ഹബ്ബുകളുമായി ശക്തമായ ശൃംഖല സ്ഥാപിക്കുന്നതിനും ശ്രമിക്കുന്നു. ഇത്തരത്തിൽ സാമ്പത്തിക വളർച്ച ലക്ഷ്യമാക്കി സംരംഭകത്വ സ്വഭാവത്തെ സഹായിക്കാൻ ഗവൺമെന്റ് തയാറാണ്.

ഇന്ത്യൻ സ്കൂൾ ഓഫ് ഓൻട്രപ്രണർഷിപ്പ് (ISEED) നടത്തിയ ഒരു പഠനത്തിൽ കണ്ടെത്തിയത് ഇന്ത്യൻ വിദ്യാർത്ഥികളിൽ 87 ശതമാനവും ജീവിതത്തിലെ ഒരു ഘട്ടത്തിലെങ്കിലും സംരംഭകരാകുവാൻ ആഗ്രഹിക്കുന്നവരാണ് എന്നാണ്. രാജ്യത്തെമ്പാടും സംരംഭക അവസരങ്ങൾ ഉണ്ട് എന്ന് അവരിൽ 90 ശതമാനവും വിശ്വസിക്കുകയും ചെയ്യുന്നു. സാമ്പത്തികമായി മുന്നിൽ നിൽക്കുന്നവരുമായി താരതമ്യം ചെയ്യുമ്പോൾ സാമ്പത്തികമായി ദുർബലരായ (49 ശതമാനം) വിഭാഗങ്ങളിലാണ് സംരംഭക ആഗ്രഹങ്ങൾ കൂടുതലായി കാണുന്നത്



എന്നും പഠനം നിരീക്ഷിക്കുന്നു. എന്തായാലും നമ്മുടെ യുവാക്കൾക്കിടയിൽ സംരംഭകത്വ താല്പര്യം വർധിച്ചു വരുന്നതായാണ് കാണുന്നത്.

പുതിയ കാലത്തിലെ വ്യവസായ സംരംഭകർക്കു അവശ്യമായി ഉണ്ടായിരിക്കേണ്ട ഗുണങ്ങളാണ് പരിശ്രമശീലവും സംരംഭകത്വ മത്സരക്ഷമതയും. സമ്പദ്വ്യവസ്ഥയും വളരെ വേഗത്തിൽ വിജ്ഞാനാടിസ്ഥാനത്തിലായിക്കൊണ്ടിരിക്കുകയാണ്. തൊഴിലാളികളിൽ നിന്ന് ആധുനിക തൊഴിൽ സംസ്കാരം ആവശ്യപ്പെടുന്നത് പുതിയ നൈപുണ്യശേഷിയും നിലപാടുകളുമാണ്. മനുഷ്യ മൂലധനവും ഉയർന്ന മത്സരക്ഷമതയും വികസിപ്പിക്കുന്നതിന് ഇന്ത്യയുടെ നൈപുണ്യ വികസന, തൊഴിൽ പരിശീലന പരിപാടികളിൽ തീർച്ചയായും ആധുനിക തൊഴിൽ സാങ്കേതിക വിദ്യകളും പുരോഗമന തൊഴിൽ നിലപാടുകളും ഉൾപ്പെടുത്തേണ്ടതാണ്.

**സംരംഭകത്വ വിദ്യാഭ്യാസത്തിലൂടെ തൊഴിലിനുള്ള ശേഷി വർദ്ധിപ്പിക്കൽ**

സാഹചര്യങ്ങളെ സൂക്ഷ്മമായി പരിശോധിച്ച്, വിഭവങ്ങൾ സ്വരുക്കൂട്ടി പ്രതിസന്ധികളെയും വെല്ലുവിളികളെയും അതിജീവിച്ച് പുതിയ വ്യവസായ ഉത്പ്പന്നങ്ങളും നയങ്ങളും വഴി സമൂഹത്തിൽ പുതിയ ക്രമം കൊണ്ടു വരുന്നവരാണ് സംരംഭകർ. അവർ സ്വതന്ത്രമായ മനസ്സുള്ളവരാണ്. മാറ്റത്തിനും ആധുനിക സാങ്കേതിക വിദ്യയ്ക്കും സമൂഹത്തിന്റെ ഉയർച്ചയ്ക്കും വേണ്ടി അവർ അവരുടെ ക്രിയാത്മകമായ ശേഷി വിനിയോഗിക്കുന്നു. നേട്ടങ്ങൾക്കായുള്ള പ്രചോദനവും സംരംഭകത്വ ഗുണങ്ങളുമാണ് അവരുടെ പൊതുസ്വഭാവം. പ്രശ്ന പരിഹാരത്തിലും കൂട്ടായ്മാ സൃഷ്ടിയിലും അവർ നല്ല കാര്യക്ഷമത പ്രകടിപ്പിക്കുന്നു. സംരംഭകത്വത്തിനും പുതിയ വ്യവസായ സൃഷ്ടിക്കും നിരന്തരമായ പരിശ്രമവും ആത്മവിശ്വാസവും ആവശ്യമാണെന്നിരിക്കെ, അസ്ഥിരമായ വിപണിയെയും അതി മത്സര സ്വഭാവമുള്ള വ്യവസായ സാഹചര്യങ്ങളെയും അതിജീവിക്കാൻ ആവശ്യമായ അനേകം കഴിവുകളാണ് സംരംഭകത്വ ശേഷികൾ ഒരു വ്യക്തിക്കു നല്കുന്നത്.

സംരംഭകത്വ ശേഷികൾ ഒരു കൂട്ടം സംയോജിത നൈപുണ്യങ്ങളുടെ ഭാണ്ഡമാണ്. അതിൽ, കൂട്ടായ പ്രവർത്തനം, പൊതുജനങ്ങളുമായി ബന്ധം സ്ഥാപിക്കൽ തുടങ്ങിയ വ്യക്തിഗത കഴിവുകളും, ലക്ഷ്യ നിർണയം, തൊഴിൽ ആസൂത്രണം, വ്യക്തിത്വ വികസനം, ആശയവിനിമയ ശേഷികൾ,മറ്റ്



അനൗദ്യോഗിക കഴിവുകൾ തുടങ്ങിയ ജീവിത നൈപുണ്യങ്ങളുമാണ് ഉൾപ്പെടുന്നത്. വിജ്ഞാനവും നൈപുണ്യവും സംരംഭകത്വ ഉദ്യമത്തിൽ ഉയരുന്ന സങ്കീർണ സാഹചര്യങ്ങളെ നേരിടാൻ ശേഷി പ്രദാനം ചെയ്യുന്നു.

വ്യക്തമായ കാഴ്ചപ്പാടോടുകൂടിയ വിദ്യാഭ്യാസം സംരംഭകത്വ കാര്യക്ഷമത വർധിപ്പിക്കും. രാജ്യത്തെ ചെറുപ്പക്കാർക്ക് സംരംഭകത്വത്തിൽ പരിശീലനവും സമഗ്ര വിദ്യാഭ്യാസവും നല്കുന്നതിനായി സ്ഥാപിതമായിരിക്കുന്ന അഹമ്മദാബാദിലെ ഓൻട്രപ്രണർഷിപ്പ് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, കുട്ടികളിലെ സംരംഭകത്വ വാസന പോഷിപ്പിക്കുന്നതിനും അവരിൽ ആത്മവിശ്വാസം വളർത്തുന്നതിനും പ്രത്യേകം പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. വളരെ ചെറുപ്പത്തിൽ തന്നെ സംരംഭകത്വ ശേഷികൾ നേടാൻ കുട്ടികളെ സഹായിക്കുകയാണ് ഈ സമീപനം കൊണ്ട് ഉദ്ദേശിക്കുക. അപകട സാധ്യതകളെ നേരിടുക, ക്രിയാത്മകമായി ചിന്തിക്കുക, സംഘർഷങ്ങൾ കൈകാര്യം ചെയ്യുക, ഫലപ്രദമായി ആശയവിനിമയം നടത്തുക, കളികളിലൂടെയും വ്യായാമങ്ങളിലൂടെയും കൂട്ടായി പ്രവർത്തിക്കുക തുടങ്ങിയവയാണ് കുട്ടികൾക്കു നല്കുന്ന പരിശീലനങ്ങൾ. നിലവിൽ ലോകത്തിൽ ഏറ്റവും വലിയ സ്കൂൾ വിദ്യാഭ്യാസ സംവിധാനമുള്ള ഇന്ത്യയിലെ 1.5 ദശലക്ഷം സ്കൂളുകളിൽ നിന്നായി 315 ദശലക്ഷം കുട്ടികൾ പരിശീലനത്തിനായി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്കൂളിൽ നിന്നു തന്നെ സംരംഭകത്വ ദിശാബോധം കുട്ടികൾക്കു നല്കുവാൻ സാധിച്ചാൽ ഭാവിയിൽ അവർ മികച്ച തൊഴിൽ സ്രഷ്ടാക്കളായി മാറും.

**നൈപുണ്യ വികസന പ്രവർത്തനങ്ങൾ**

പ്രാരംഭമായി സംരംഭകത്വത്തിനുള്ള ലഘു നൈപുണ്യ പരിശീലനം ലഭ്യമാക്കണം. ലഘു നൈപുണ്യം എന്നാൽ ഒരുമിച്ചു പ്രവർത്തിക്കാനുള്ള കഴിവ്, നേതൃത്വ ഗുണങ്ങൾ, ഭാഷാ പ്രാവീണ്യം, വ്യക്തിഗത ശീലങ്ങൾ തുടങ്ങിയവയാണ്. സംരംഭകത്വ ശേഷി വികസിപ്പിക്കാൻ ആവശ്യമായ അവശ്യ ഘടകങ്ങളാണ് ഇവ. സംരംഭകന്റെ ശേഷികളും മത്സരക്ഷമതയും വ്യവസായ മേഖലയിൽ എമ്പാടും കൈമാറ്റം ചെയ്യാവുന്ന കഴിവുകളാണ്. അതിനാൽ പുതിയ സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്ന ഏതൊരാളും ആ മേഖലയിൽ വിജയിക്കുന്നതിന് സംരംഭകത്വത്തിലും ബന്ധപ്പെട്ട നൈപുണ്യങ്ങളിലും അടിസ്ഥാന പരിശീലനം നേടണം.



പുതിയ സംരംഭ സൃഷ്ടിക്കും വികസനത്തിനും ഉപകരിക്കുന്ന പ്രവൃത്തിയധിഷ്ഠിത പരിശീലന പരിപാടികൾ സംഘടിപ്പിക്കണം. ബിസിനസ് പ്ലാൻ തയാറാക്കുന്നതിന് നൈപുണ്യാധിഷ്ഠിത മാതൃക, എങ്ങനെ വിപണി പഠനം, എങ്ങനെ ബിസിനസ് പ്ലാനുകൾ തയാറാക്കാം തുടങ്ങിയവ സംബന്ധിച്ച അവതരണം, വിവര സാങ്കേതിക വിദ്യയിലൂടെ പ്രാദേശിക കണ്ടുപിടുത്തങ്ങളുടെ പ്രോത്സാഹനം തുടങ്ങിയവ പുതിയ സംരംഭക സൃഷ്ടിക്കും വികസനത്തിനും ആവശ്യമാണ്. ഈ പരിശീലനങ്ങൾക്കു പുറമെ ചെറുപ്പക്കാരായ സംരംഭകരും വിദ്യാർത്ഥികളായ സംരംഭകരും മറ്റു തുടക്കക്കാരും ഇതുമായി ബന്ധപ്പെട്ട ശില്പശാലകളിലും സെമിനാറുകളിലും പങ്കെടുക്കണം അതിൽ ചർച്ച ചെയ്യുന്ന വിഷയങ്ങൾ പഠിച്ച് സംരംഭകത്വത്തിൽ തൊഴിൽ നേടുന്നതിനായി സ്വയം തയാറെടുക്കണം.

**ശില്പശാല** : വ്യവസായത്തിനുളള അവസരങ്ങൾ അറിയുക, വ്യവസായത്തിനുളള ആശയം സ്വയം രൂപീകരിക്കുക, തൊഴിലാളികൾക്ക് പ്രത്യേക പരിശീലനം നല്കി മനുഷ്യ വിഭവം വികസിപ്പിക്കുക തുടങ്ങിയ കാര്യങ്ങളിൽ ശില്പശാല സംഘടിപ്പിക്കും.

**സെമിനാർ** : വ്യവസായ നിയമങ്ങൾ, നിയമപരമായ ഘടനകൾ, ബ്രാൻഡിങ്, പരസ്യം നല്കൽ തുടങ്ങിയവയിൽ സെമിനാറുകൾ സംഘടിപ്പിക്കും.

**ഭാവി പരിപാടികൾ**

♦ അവഗണിക്കപ്പെടുന്ന ലിംഗവിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് സ്ത്രീകൾ, ഭിന്നലിംഗക്കാർ എന്നിവർക്ക് ഈ മേഖലയിൽ കൂടുതൽ പ്രധാന്യം നല്കണം. പ്രദേശിക അസമത്വം ഇല്ലാതാക്കാൻ താഴ്ന്ന വിഭാഗങ്ങൾക്കും മറ്റ് പാർശ്വവത്കൃത വിഭാഗങ്ങൾക്കും കൂടുതൽ ശ്രദ്ധ നല്കണം. എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തുന്നു എന്ന് ഉറപ്പാക്കുന്ന രീതിയിലുള്ള നൈപുണ്യ പരിശീലന പരിപാടികൾ ആവിഷ്കരിക്കണം.

♦ വിദ്യാഭ്യാസം, നൈപുണ്യ പരിശീലനം എന്നിവയുടെ അഭാവമാണ് പാർശ്വവത്കൃത സമൂഹങ്ങളുടെ വികസനത്തിനു മുന്നിൽ പ്രധാന പ്രതിബന്ധം. ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിനുള്ള ആത്മവിശ്വാസമില്ലായ്മയിലേക്കാണ് ഇത് വ്യക്തികളെ എത്തിക്കുക. ആത്മവിശ്വാസം ഇല്ലായ്മ കൂടുതലായും



കാണുന്നത് സ്ത്രീകളിലാണ്. സംരംഭകത്വ പ്രചോദനവും പരിശീലനവും ഒന്നിച്ചു നല്കിയാൽ ഈ കുറവുകൾ പരിഹരിക്കാം.

♦ വൈവിധ്യമാർന്ന സാമൂഹിക സാമ്പത്തിക ജീവിത സാഹചര്യങ്ങളിൽ നിന്നു വരുന്ന വിവിധ വിഭാഗക്കാർക്കാണ് സേവനം ലഭ്യമാക്കേണ്ടത് എന്നതിനാൽ പരിശീലന പരിപാടിയിൽ വൈവിധ്യമാർന്ന സേവന പദ്ധതികൾ വേണം. അനുദിന ജീവിതാനുഭവങ്ങളും വ്യത്യസ്തമായിരിക്കും. ഉദാഹരണത്തിന് പ്രദേശിക ഭാഷയിലുള്ള ഉത്തരവുകൾ, കൃത്യമായ സ്ഥലങ്ങൾ വിവരിക്കുന്ന ഉദാഹരണങ്ങൾ എന്നിവ പശ്ചാത്തലം കൂടുതൽ ഗ്രഹിക്കാൻ വിദ്യാർത്ഥികൾക്കു സഹായകമാകും.

♦ സംരംഭക വിദ്യാഭ്യാസ മേഖലയിലും നൈപുണ്യ വികസന മേഖലയിലും പ്രവർത്തിക്കുന്ന വിദഗ്ധരും പണ്ഡിതരും ചേർന്ന് സ്ഥാപനങ്ങളിൽ നേരിട്ട് എത്തി പരിശീലനം നേടാൻ സാധിക്കാത്തവർക്കായി ഓൺലൈൻ പരിശീലന പാഠ്യ പദ്ധതി തയാറാക്കാൻ മുന്നോട്ടു വരണം.

♦ ലാഭകരമായ തൊഴിൽ ലഭിക്കുന്നതിനായി അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസ നൈപുണ്യ പരിശീലന പരിപാടികളുടെ ഒരു പട്ടികയും തയാറാക്കണം. നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്കിനു കീഴിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ ചട്ടക്കൂടിന്റെ നവീകരണം കൃത്യമായ ഇടവേളകളിൽ നടക്കണം.

♦ സാമ്പത്തിക ഞെരുക്കം കുറയ്ക്കുന്നതിനും പ്രാദേശിക നൈപുണ്യ സംരംഭകത്വവും വികസന പങ്കാളിത്വവും മെച്ചപ്പെട്ട സ്ഥാപന ഇടപെടലും പ്രോത്സാഹിപ്പിക്കണം. ഇതിനായി സംരംഭകത്വ വികസന പരിപാടികൾക്ക് ഗവൺമെന്റ് ആരംഭിച്ച പദ്ധതികളുടെയും പ്രോത്സാഹന നടപടികളുടെയും നിലവിലുള്ള അവസ്ഥ ഗവൺമെന്റും ബന്ധപ്പെട്ട സ്ഥാപനങ്ങളും അവലോകനം ചെയ്യണം. ഇവ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി പഠനം നടത്താവുന്നതാണ്.

♦ സ്റ്റാർട്ടപ്പുകൾ, ശേഷി നിർമ്മാണം തുടങ്ങിയ മേഖലകളിൽ നിലവിലുള്ള സ്ഥാപനങ്ങളെ വിജ്ഞാന പങ്കാളികളാക്കി സഹായം തേടാവുന്നതാണ്. കൂടുതൽ കാര്യക്ഷമതയ്ക്കായി വ്യവസായങ്ങളെയും സ്ഥാപനങ്ങളെയും സ്റ്റാർട്ടപ്പുകളെയും



തമ്മിൽ ബന്ധിപ്പിക്കണം. നൈപുണ്യ വികസന പരിശീലന പരിപാടികളുടെ വ്യാപ്തി, ലക്ഷ്യം, പരിമിതി എന്നിവ കൃത്യമായി അറിയിക്കണം.

♦ മെച്ചപ്പെട്ട സാങ്കേതിക സംരംഭകരെ സഹായിക്കാൻ ഇങ്കുബേഷൻ വികസന പരിപാടികൾ ഒരുക്കണം.

നൈപുണ്യാധിഷ്ഠിത നവ സംരംഭങ്ങളും സ്റ്റാർട്ട് അപ്പുകളും അതിന്റെ പൂർണ സാധ്യത കൈവരിക്കാൻ നൈപുണ്യ താല്പര്യം പ്രകടിപ്പിക്കുന്ന വിദ്യാർത്ഥികൾക്ക് കർശനമായ പരിശീലനം നല്കേണ്ടിയിരിക്കുന്നു. അങ്ങനെ അവരുടെ സംരംഭക വാസനകൾ വർധിപ്പിക്കാനാവും. അവരുടെ മനസിലെ പുത്തൻ വ്യവസായ സങ്കല്പങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള കഴിവ് വർധിപ്പിക്കണം. വെല്ലുവിളികൾ നേരിടാൻ അവരെ പ്രാപ്തരാക്കണം. സംരംഭങ്ങളുടെ തുടക്കത്തിൽ ഉയരുന്ന പ്രതിസന്ധികളെ അതിജീവിക്കാൻ അവർക്ക് പരിശീലനം നൽകണം. ഹൈസ്കൂൾ കാലത്തു തന്നെ വിദ്യാർത്ഥികൾക്ക് ഈ രീതിയിലുള്ള സംരംഭകത്വ ഉത്തേജനവും ലക്ഷ്യം നേടാനുള്ള പ്രചോദനവും നൽകണം. ഇത്തരത്തിൽ സംരംഭകത്വ സ്കൂളുകൾ, മാനേജ്മെന്റ് പരിശീലന സ്ഥാപനങ്ങൾ, ഇങ്കുബേഷൻ കേന്ദ്രങ്ങൾ, എന്നിവ വഴി ഗവൺമെന്റിനും മറ്റ് സ്ഥാപനങ്ങൾക്കും രാജ്യത്ത് സംരംഭകത്വ പരിസ്ഥിതി സൃഷ്ടിക്കാൻ സാധിക്കും. ഇതിലൂടെ വിപണിയെ സ്വാധീനിച്ച് അർത്ഥവത്തായ മാറ്റങ്ങൾ കൊണ്ടുവരാനും സാധിക്കും.

**യോജന,**

**ഒക്ടോബർ, 2017.**

FOCUS



# ആരും അഴിയെണ്ണുന്നില്ല

**സെബാസ്റ്റ്യൻ പോൾ**

തടവുകാരോട് ഉണ്ടാകേണ്ടതായ മനുഷ്യത്വപരമായ സമീപനത്തെക്കുറിച്ച് സമീപകാലത്ത് ഞാൻ നടത്തിയ പരാമർശങ്ങൾ വലിയ ആക്ഷേപത്തിന് കാരണമായി. പ്രതിയോടല്ല, ഇരയോടാണ് സഹാനുഭൂതി വേണ്ടതെന്ന പതിവുപല്ലവി ആവർത്തിക്കപ്പെട്ടു. ഈ തർക്കം സജീവമായി നിൽക്കുമ്പോൾ തടവുകാരെക്കുറിച്ചും തടവറകളെക്കുറിച്ചും വളരെ ശ്രദ്ധേയമായ നിരീക്ഷണം സുപ്രീം കോടതിയിൽ നിന്നുണ്ടായി. ആദ്യമായല്ല സുപ്രീംകോടതി ഇത്തരം നിരീക്ഷണം നടത്തുന്നത് എന്നതുകൊണ്ട് ഇപ്പോഴത്തെ പരാമർശങ്ങളുടെയും നിർദ്ദേശങ്ങളുടെയും പ്രാധാന്യം കുറയുന്നില്ല. പതിമൂന്നാം നൂറ്റാണ്ടിലെ മാഗ്നകാർട്ട മുതൽ പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യമാണെന്നതിനാൽ വിഷയത്തിന്റെ സമകാലികപ്രാധാന്യം ഇല്ലാതാകുന്നില്ല.

കുപ്രസിദ്ധമായ ബാസ്റ്റീൽ ജയിൽ തകർത്തുകൊണ്ടാണ് ഫ്രാൻസിൽ വിപ്ലവം ആരംഭിച്ചത്. തകർക്കപ്പെട്ട ജയിൽ വിപ്ലവാനന്തരം പുനർനിർമ്മിക്കപ്പെട്ടില്ല. അതിൽ വിപ്ലവത്തിന്റെ സന്ദേശമുണ്ട്. ഡൽഹിയിലെ തിഹാർ ജയിലിനും കുപ്രസിദ്ധിയുണ്ട്. രാജ്യത്തെ 1,382 ജയിലുകൾ ഏറിയും കുറഞ്ഞും ചെറു തിഹാറുകളാണ്. വലിയ തിഹാറിലാണ് ചികിത്സ കിട്ടാതെ രാജൻ പിള്ളക്ക് മരിക്കേണ്ടിവന്നത്. തടവുകാരുടെ എണ്ണം വർധിക്കുന്നു; സൂക്ഷിപ്പുകാരുടെ എണ്ണം കുറയുന്നു. കുറവ് അനുപാതത്തിൽ മാത്രമാകാം പക്ഷേ, അത് ഗുരുതരമായ പ്രശ്നങ്ങൾക്ക് കാരണമാകുന്നു. തടവുകാർ തമ്മിലും തടവുകാരും കാവൽക്കാരും തമ്മിലും ഏറ്റുമുട്ടലുകൾ ഉണ്ടാകുന്നു. 2015 ലെ കണക്കനുസരിച്ച് പ്രതിദിനം നാല് തടവുകാർ ഇന്ത്യയിൽ കൊല്ലപ്പെടുന്നുണ്ട്. അത് ഏറ്റുമുട്ടലിലാകാം; മർദ്ദനം നിമിത്തമാകാം. അല്ലെങ്കിൽ ആത്മഹത്യയാകാം. കേരളത്തിന്റെ തനതുകലയായ ഉരുട്ടിക്കൊലയുമുണ്ട്. എങ്ങനെയായാലും ഗൗരവമുള്ള വിഷയമാണത്. കൊലപാതകത്തെ ആത്മതഹത്യയാക്കാൻ പ്രയാസമില്ലാത്ത നാട്ടിൽ ലോക്കപ്പിലെ കൊലപാതകം അനായാസം ആത്മഹത്യയാകും. ഇവ്വിധം 75 ആത്മഹത്യകൾ 2015 ൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. സഹതടവുകാരാൽ കൊല്ലപ്പെട്ടവരുടെ എണ്ണം 11 ആയിരുന്നു. 2012 മുതൽ 2015 വരെ ദേശീയ ക്രൈം



റിക്കോർഡ്സ് ബ്യൂറോ ജയിലുകളിലെ 552 അസ്വാഭാവികമരണങ്ങൾ രേഖപ്പെടുത്തി.

2013 ൽ ഫയൽ ചെയ്യപ്പെട്ട പൊതുതാൽപ്പര്യഹർജി പരിശോധിച്ചുകൊണ്ടാണ് ജസ്റ്റീസുമാരായ എം.ബി.ലൊക്കൂറും ദീപക് ഗുപ്തയും ചേർന്ന ബെഞ്ച് സുപ്രധാനമായജയിൽ നിരീക്ഷണങ്ങൾ നടത്തിയത്. തടവിൽ കൊല്ലപ്പെടുന്നവരുടെ ബന്ധുക്കൾക്ക് നഷ്ടപരിഹാരം നൽകണമെന്ന് കോടതി ആവശ്യപ്പെട്ടു. 2012 മുതലുള്ള ജയിൽ മരണങ്ങളുടെ വിവരം ശേഖരിക്കാൻ ഹൈക്കോടതികൾക്ക് നിർദേശം നൽകിയിട്ടുണ്ട്. തടവുകാർക്ക് അഭിഭാഷകരെയും കുടുംബാംഗങ്ങളെയും ബന്ധപ്പെടുന്നതിന് ഫോണും വീഡിയോ കോൺഫറൻസ് സൗകര്യവും നൽകണമെന്ന് കോടതി പറഞ്ഞു. തടവുകാരുടെ ഫോൺ ഉപയോഗം വിവാദമാക്കുകയും ബന്ധുമിത്രാദികളുടെ ജയിൽ സന്ദർശനത്തെ അപലപിക്കുകയും ചെയ്യുന്നവർ പരമോന്നത കോടതിയുടെ വാക്കുകൾ ശ്രദ്ധിക്കണം. ഭാര്യയൊത്ത് രാത്രി ചെലവഴിക്കുന്നതിന് സൗകര്യം നൽകുന്ന ജയിലുകൾ ചില രാജ്യങ്ങളിലുണ്ട്. ഗോവിന്ദച്ചാമി ബിരിയാണി കഴിച്ചുവെന്ന് ആവലാതിപ്പെടുന്നവർക്ക് ഇതൊന്നും മനസ്സിലാവില്ല. അവർ ഹമ്മുറാബിയുടെ കാലത്ത് ജീവിക്കുന്നവരാണ്. അവർക്കുവേണ്ടത് ഡ്രാക്കോയുടെ നിയമങ്ങളാണ്. തനിക്കോ തനിക്ക് വേണ്ടപ്പെട്ടവർക്കോ ഇതൊന്നും അനുഭവിക്കേണ്ടിവരില്ലെന്ന മൂഢമായ വിശ്വാസമാണ് അവർക്കുള്ളത്. തുറന്ന ജയിലുകൾ കൂടുതലായി തുറക്കണമെന്ന് സുപ്രീം കോടതി ആവശ്യപ്പെടുന്നത് തടവുകാരെ മനുഷ്യരാക്കി നിലനിറുത്തുന്നതിനുവേണ്ടിയാണ്. അഴിയെണ്ണിക്കുകയെന്നത് പ്രാകൃതമായ മാനസികാവസ്ഥയിൽ നിന്നുണ്ടായ പ്രയോഗമാണ്. തടവുകാരുടെ ജീവനും സ്വാതന്ത്ര്യവും ഭരണകൂടത്തിന്റെ ദയാപീഠത്തിൽ സമർപ്പിക്കപ്പെട്ടിരിക്കുന്നു. അവ പരിരക്ഷിക്കപ്പെടണമെന്ന്ആവശ്യപ്പെടുന്നതിനുള്ള അവകാശം തടവുകാർക്കുണ്ട്. തടവുകാർക്കുവേണ്ടി അതാവശ്യപ്പെടുന്നതിനുള്ള ഉത്തരവാദിത്തം പുറത്തു നിൽക്കുന്നവർക്കുമുണ്ട്. ഇന്ന് അവരാണെങ്കിൽ നാളെ നമ്മളോ നമ്മളിലൊരാളോ ആകാം. തടവുകാർക്കുവേണ്ടിയുള്ള സംസാരം നമുക്കുവേണ്ടിത്തന്നെയുള്ള സംസാരമാണ്.

തടവുകാരെ കുറ്റവാളികളായി കണ്ട് ശിക്ഷിക്കാൻ മാത്രം താൽപ്പര്യം കാണിക്കുന്ന രീതിയാണ് നമ്മുടേത്. മെക്കാളെയുടെ കാലം മുതലുള്ള



രീതിയാണത്. മെക്കാളെയുടെ ശിക്ഷാനിയമത്തിൽ കരുണയുണ്ട്. എന്നാൽ ജയിൽ നിയമത്തിൽ അതില്ല. പത്തൊൻപതാം നൂറ്റാണ്ടിലെ ജയിൽ നിയമത്തിന് ഒന്നേകാൽ നൂറ്റാണ്ടിന്റെ പഴക്കമായി. ജയിൽ നവീകരണവും ജയിൽ നിയമങ്ങളുടെ നവീകരണവും അടിയന്തരപ്രാധാന്യമുള്ള കാര്യങ്ങളാണ്. ജയിൽ നിയമങ്ങളുടെ സാരസംഗ്രഹം കഴിഞ്ഞ വർഷം ആഭ്യന്തര മന്ത്രി അംഗീകരിച്ചു. ഏകരൂപമായി ഈ മാന്യുവെൽ രാജ്യത്തിനു മുഴുവൻ ബാധകമാക്കുന്നതിനുള്ള നിർദ്ദേശം സുപ്രീം കോടതി നൽകിയിട്ടുണ്ട്. ജയിൽ പരിഷ്കരണത്തെക്കുറിച്ചുള്ള ജസ്റ്റീസ് മുള്ള കമ്മിറ്റിയുടെ ശിപാർശകളും വനിതാ തടവുകാരെക്കുറിച്ചുള്ള ജസ്റ്റീസ് കൃഷ്ണയ്യർ കമ്മിറ്റിയുടെ ശിപാർശകളും നടപ്പാകാതെ കിടക്കുന്നു. ജയിൽ ആത്മഹത്യകളെക്കുറിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ തയാറാക്കിയ രേഖയുണ്ട്. കസ്റ്റഡി മരണം അന്വേഷിക്കുന്നതിന് നെൽസൺ മണ്ടേലയുടെ പേരിൽ അറിയപ്പെടുന്നതും അന്താരാഷ്ട്ര റെഡ്ക്രോസ് കമ്മിറ്റി പുറപ്പെടുവിച്ചതുമായ നിർദ്ദേശങ്ങളുണ്ട്. ഇവയെല്ലാം നയരൂപീകരണത്തിന് ആശ്രയിക്കാവുന്ന രേഖകളാണ്. അതിനനുസൃതമായി പോലീസിന്റെയും ജയിൽ അധികൃതരുടെയും സമീപനത്തിൽ മാറ്റം വരണം.

റിമാന്റ് ശിക്ഷയല്ല. ശിക്ഷിക്കപ്പെട്ടാൽ റിമാന്റിൽ കഴിഞ്ഞ കാലം വകവച്ചു കൊടുക്കുമെന്നു മാത്രം. അറസ്റ്റ് ചെയ്യപ്പെടുന്നവരിൽ ഗണ്യമായ ഭാഗം ശിക്ഷിക്കപ്പെടുന്നില്ല. അന്വേഷണം സുഗമമാകുന്നതിനുവേണ്ടിയാണ് പ്രതികൾ ജയിലിൽ കഴിയേണ്ടിവരുന്നത്. അക്കാലത്ത് അവരുടെ കുറ്റവും ശിക്ഷയും നിർണയിക്കപ്പെടുന്നില്ല. അവരെ സർക്കാരിന്റെ അതിഥികളായി കാണണം. റിമാന്റിലാകുന്നവരെ പാർപ്പിക്കാൻ ജയിലിൽ നിന്നുവിട്ട് പരിഷ്കൃതമായ വേറെ ഇടങ്ങളുണ്ടാകണം. അന്വേഷണഘട്ടത്തിലും വിചാരണയുടെ ഘട്ടത്തിലും ശിക്ഷയുടെ ഘട്ടത്തിലും തടവുകാരുടെ പദവിയിൽ മാറ്റം വരുന്നുണ്ട്. എല്ലാവരെയും ഇടകലർത്തി ഒന്നായി കാണരുത്.

രാജ്യത്തെ മൊത്തം തടവുകാരുടെ മൂന്നിലൊന്ന് വിചാരണത്തടവുകാരാണ്. വിചാരണയില്ലാതെ ശിക്ഷിച്ചാൽ ജയിലിൽ കഴിയേണ്ടിവരുന്നതിനെക്കാൾ കൂടുതൽ കാലം പലർക്കും ജയിലിൽ കഴിയേണ്ടിവരുന്നു. പലരെയും ശിക്ഷിക്കുന്നത് തടവിന് ന്യായീകരണം എന്ന നിലയിലാണ്. ആരോപിതമായ



കുറ്റത്തിന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ശിക്ഷാകാലത്തിന്റെ പകുതി വിചാരണത്തടവുകാരായി ജയിലിൽ കഴിഞ്ഞിട്ടുള്ളവരെ സ്വന്തം ജാമ്യത്തിൽ വിട്ടയക്കണമെന്ന് നിയമം അനുശാസിക്കുന്നു. ശിക്ഷ പൂർത്തിയാക്കിയാലും മോചിതരാകാതെ ജയിലുകളിൽ കഴിയുന്നവരുടെ നാടാണിത്. തടവുകാർ അപ്രകാരം വിസ്മരിക്കപ്പെടേണ്ടവരല്ല.

ജയിലുകൾ പുനരധിവാസകേന്ദ്രങ്ങളാണ്. അവിടെ ആടുകളും ചെന്നായ്ക്കളുമുണ്ട്. ആട്ടിൻതോലിട്ട ചെന്നായ്ക്കളും ചെന്നായത്തോലിട്ട ആടുകളുമുണ്ട്. അവരെ മനുഷ്യരാക്കി പുറത്തേക്കുകൊണ്ടുവന്ന് സമൂഹത്തിന്റെ മുഖ്യധാരയിൽ ലയിപ്പിക്കുകയെന്നതാണ് ജയിലുകളിൽ നടക്കേണ്ട പ്രവർത്തനം. ജയിലുകൾ സമൂഹത്തിന്റെ സാംസ്കാരികമായ നിലവാരത്തെ പ്രതിഫലിപ്പിക്കുന്നു. ബംഗളൂരുവിലെ സെൻട്രൽ ജയിലിൽ ഞാൻ പലവട്ടം പോയിട്ടുണ്ട്. ദുബായ് സെൻട്രൽ ജയിലിൽ ഒരു തടവുകാരനൊപ്പം കഴിഞ്ഞ നവവത്സരദിനത്തിൽ കുറെസമയം ചെലവഴിച്ചു. എല്ലാവരാലും വിസ്മരിക്കപ്പെട്ട ആ തടവുകാരൻ അറ്റ്ലസ് രാമചന്ദ്രൻ എന്ന പേരിൽ നമുക്ക് പരിചിതനാണ്. ഒരു പഞ്ചനക്ഷത്ര റിസോർട്ടിന്റെ പ്രതീതിയാണ് ദുബായ് ജയിൽ സന്ദർശകർക്ക് നൽകുന്നത്. അന്തേവാസികൾക്ക് അങ്ങനെയാകണമെന്നില്ല. കാഞ്ചനക്കൂട്ടിലായാലും ബന്ധനം ബന്ധനം തന്നെയാണ്. ജയിലുകൾ ഇല്ലാത്ത കാലം ഉണ്ടാവാനിടയില്ലാത്തതിനാൽ ജയിലുകൾ എപ്രകാരം നന്നാക്കാൻ കഴിയുമെന്ന ആലോചനയ്ക്ക് എപ്പോഴും പ്രസക്തിയുണ്ട്..

**ദേശാഭിമാനി,**

**1 ഒക്ടോബർ, 2017.**

**ദ്ധദ്ധദ്ധ**



# പൊളിച്ചെഴുതണം വിദ്യാർത്ഥി രാഷ്ട്രീയം

ഹമീദ് ചേന്നമംഗലൂർ

കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് ഒക്ടോബർ 13-നു കലാലയ രാഷ്ട്രീയത്തെക്കുറിച്ചു നടത്തിയ നിരീക്ഷണങ്ങൾ വിദ്യാർത്ഥികളുടേയും രക്ഷിതാക്കളുടേയും മാത്രമല്ല,രാഷ്ട്രീയ മേധാവികളുടേയും കണ്ണുതുറപ്പിക്കേണ്ടതുണ്ട്. കോടതിവിധിയെ പ്രതിലോമപരം എന്നു അധിക്ഷേപിക്കുന്നതിനു പകരം, കഴിഞ്ഞ ഒന്നര പതിറ്റാണ്ടോളമായി നീതിപീഠത്തിന്റെ ഭാഗത്തുനിന്നു വിദ്യാർത്ഥി രാഷ്ട്രീയത്തിനു നേരെ വിമർശനാത്മക ഇടപെടലുകൾ എന്തുകൊണ്ട് ഇടയ്ക്കിടെയുണ്ടാകുന്നു എന്നു ബന്ധപ്പെട്ട കക്ഷികൾ ആലോചിക്കേണ്ട സന്ദർഭമാണിത്. 1958 തൊട്ട് സംസ്ഥാനത്ത് കണ്ടുവരുന്ന വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ പ്രയോഗരീതികളിൽ പരിഷ്കരണം വേണ്ടതുണ്ടോ, ഉണ്ടെങ്കിൽ എവ്വിധം, ഏതേത് തലങ്ങളിൽ അതുവേണം എന്ന കാതലായ ചോദ്യം ഉയർത്താൻ ഇനിയും വൈകിക്കൂടാ.

ഇപ്പോൾ കോൺഗ്രസ്സിന്റെ ദേശീയ നേതാക്കളിൽ ഒരാളായ എ.കെ.ആന്റണി ഉൾപ്പെടെ, അന്നത്തെ കോൺഗ്രസ് അനുകൂല വിദ്യാർത്ഥി കൂട്ടായ്മയുടെ നേതൃനിരയിലുള്ളവരുടെ മുൻകൈയിലാണ് 1958 ജൂലൈ 15 നു 'ഒരണ സമരം' തുടങ്ങിയതും പിന്നീടത് 'വിമോചന സമര' ത്തിൽ കണ്ണിചേർക്കപ്പെട്ടതും. പാർലമെന്ററി ജനാധിപത്യത്തിന്റെ ചിട്ടവട്ടങ്ങളനുസരിച്ച് അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് സർക്കാരിനെ അട്ടിമറിക്കാൻ വേണ്ടിയുള്ളതായിരുന്നു വിമോചന സമരം. ഭരണഘടനാ തത്ത്വങ്ങൾക്കും ജനാധിപത്യ മൂല്യങ്ങൾക്കും തരിമ്പും വിലകൽപ്പിക്കാതെ നടത്തപ്പെട്ട ആ സമരത്തിൽ കോൺഗ്രസ്സനുകൂല വിദ്യാർത്ഥികൾ കമ്മ്യൂണിസ്റ്റ് വിരുദ്ധ പാർട്ടികളുടെ ചട്ടുകങ്ങളായി മാറുകയായിരുന്നു.

കമ്മ്യൂണിസ്റ്റ് ഭരണത്തിനെതിരെ നിലപാടെടുത്ത കോൺഗ്രസ്സടക്കമുള്ള പാർട്ടികളുടെ പോഷക സംഘടനകളായി വർത്തിച്ച വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ 1958-59 കാലത്ത് സ്വീകരിച്ച സമീപനത്തിന്റെ കമ്യൂണിസ്റ്റ് കൗണ്ടർപാർട്ട് എന്ന നിലയിൽ കെ.എസ്.എഫ്.(പിൽക്കാലത്ത് എസ്.എഫ്.ഐ.) നിലവിൽ വന്നു. ആന്റണിയും വയലാർ രവിയും മറ്റും നേതൃത്വം നൽകിയ കോൺഗ്രസ് അനുകൂല



വിദ്യാർത്ഥി സംഘടനയുടെ പ്രയോഗരീതികളിൽ നിന്നു ഒട്ടും വ്യത്യസ്തത പുലർത്താതെയാണ് ആ സംഘടനയും പ്രവർത്തിച്ചത്. ഇരു സംഘടനകളുടേയും ഭരണഘടനകളിൽ എഴുതിവെച്ചത് എന്തുതന്നെയായാലും, അവയുടെ റിമോട്ട് കൺട്രോൾ ബന്ധപ്പെട്ട മാതൃകക്ഷിയുടെ മേശവലിപ്പുകളിലിരിക്കുന്നു എന്നതു സത്യം മാത്രം.

വിദ്യാർത്ഥി സമൂഹത്തിന്റെ ക്ഷേമം എന്നതിലേറെ മാതൃപാർട്ടിയുടെ രാഷ്ടീയ ലാഭത്തിലായിരുന്നു കോൺഗ്രസനുകൂല വിദ്യാർത്ഥി കൂട്ടായ്മയുടെ എന്നപോലെ എസ്.എഫ്.ഐ യുടേയും ഊന്നൽ. 1986–ൽ ആ സംഘടന നടത്തിയ പ്രീഡിഗ്രി ബോർഡ് വിരുദ്ധ സമരം അതിന്റെ മികച്ച ഉദാഹരണമാണ്. യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തിൽ നിന്നു പ്രീഡിഗ്രിയെ വേർപെടുത്തുന്നതിനെതിരെ നടത്തപ്പെട്ട ആ പ്രക്ഷോഭത്തിനു വിദ്യാർത്ഥി സമൂഹത്തിന്റെ ക്ഷേമവുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. യഥാർത്ഥത്തിൽ വിദ്യാർത്ഥികളുടെ ഉത്തമ താൽപ്പര്യങ്ങൾക്കെതിരായിരുന്നു ആ പ്രക്ഷോഭം. ഒടുവിൽ എസ്.എഫ്. ഐ യുടെ കടിഞ്ഞാൺ പിടിക്കുന്ന പാർട്ടി തന്നെ പ്രീഡിഗ്രി കോളേജ് തലത്തിൽ നിന്നു വേർപെടുത്തുന്ന പ്രക്രിയയിൽ പങ്കാളിയാവുകയും ചെയ്തു.

സംസ്ഥാനത്തിലെ പ്രമുഖ വിദ്യാർത്ഥി സംഘടനകളായ എസ്.എഫ്.ഐ യുടേയോ കെ.എസ്.യുവിന്റേയോ മാത്രം കഥയല്ല ഇത്. എ.ബി.വി.പിയും എം.എസ്.എഫും തൊട്ട് മതാത്മക സംഘടനകളാൽ നിയന്ത്രിക്കപ്പെടുന്ന എസ്.ഐ.ഒ., കേംപസ് ഫ്രന്റ് തുടങ്ങിയ സംഘടനകൾ വരെ എല്ലാ വിദ്യാർത്ഥി പ്രസ്ഥാനങ്ങളും മാതൃസംഘടനകളുടെ തീട്ടുരങ്ങൾക്കനുസൃതമായി മാത്രം പ്രവർത്തിക്കുന്നവയാണ്. എൽ.ഡി.എഫ്. ഭരിക്കുമ്പോൾ യു.ഡി.എഫ് അനുകൂല വിദ്യാർത്ഥി സംഘടനകളും യു.ഡി.എഫ് ഭരിക്കുമ്പോൾ എൽ.ഡി.എഫ്. അനുകൂല വിദ്യാർത്ഥി സംഘടനകളും പഠിപ്പുമുടക്കമടക്കമുള്ള സമരങ്ങളിലേർപ്പെടുന്നതാണ് പൊതുവായ രീതി. (ഇതിൽ അപവാദങ്ങൾ ഇല്ലെന്നില്ല) അങ്ങനെ സമരം ചെയ്യുമ്പോൾത്തന്നെ, ഹർത്താലുകളും ബന്ദുകളും ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കപ്പെടുന്നതുപോലെ വിദ്യാർത്ഥികളുടെ മേൽ അടിച്ചേൽപ്പിക്കപ്പെടുകയാണ് പഠിപ്പുമുടക്കും അനുബന്ധ സമരമുറകളും. ഏതെങ്കിലും വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ 51 ശതമാനം അനുയായികളും പൂർണ്ണ



മനസ്സോടെ ഏതെങ്കിലും പഠിപ്പുമുടക്കു സമരത്തിൽ പങ്കെടുത്ത ചരിത്രം ഒരു വിദ്യാർത്ഥി സംഘടനയ്ക്കും ചൂണ്ടിക്കാട്ടാനാവില്ല. സമരാഹ്വാനവും മുദ്രാവാക്യാട്ടഹാസവുമായി ഓടിനടക്കാൻ എട്ടുപത്തുപേരുണ്ടെങ്കിൽ ഏതു വിദ്യാർത്ഥിസമരവും നമ്മുടെ കലാലയങ്ങളിൽ 'വിജയിക്കും' എന്നതാണവസ്ഥ.

ഈ പൊതുപശ്ചാത്തലം മുന്നിൽവെച്ചുവേണം കലാലയ രാഷ്ട്രീയത്തെ ക്കുറിച്ചു ഹൈക്കോടതി നടത്തിയ നിരീക്ഷണങ്ങളെ വിലയിരുത്താൻ. വിദ്യാർത്ഥിസമൂഹത്തിലെ മഹാഭൂരിപക്ഷത്തിനുമേൽ ആ സമൂഹത്തിലെ മൈക്രോസ്കോപ്പിക ന്യൂനപക്ഷം സമരങ്ങൾ അടിച്ചേൽപ്പിക്കുന്നുവെങ്കിൽ അതിനു കാരണം വിദ്യാർത്ഥിസംഘടനാ നേതൃത്വത്തിനു രാഷ്ട്രീയപ്പാർട്ടികളിൽനിന്നു ലഭിക്കുന്ന സംരക്ഷണമാണ്. രാഷ്ട്രീയമല്ല, കക്ഷിരാഷ്ട്രീയമാണ് കലാലയങ്ങളിലെ യഥാർത്ഥ വില്ലൻ. ഇടതു വലതു ഭേദമില്ലാതെ രാഷ്ട്രീയ നേതാക്കൾ പലരും കോടതിവിധിക്കെതിരെ പ്രതികരിച്ചിട്ടുണ്ട്. വിദ്യാർത്ഥി രാഷ്ട്രീയം വിലക്കിയാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വർഗ്ഗീയ,മതമൗലികശക്തികൾ പിടിമുറുക്കും എന്നതത്രേ പലരും ഉന്നയിക്കുന്ന ഒരു വാദം. ഇതുകേട്ടാൽ തോന്നുക ഇപ്പോൾ നമ്മുടെ പാഠശാലകളെല്ലാം വർഗ്ഗീയത മതമൗലികതാ മുക്തമാണെന്നാണ്. എ.ബി.വി.പി., കേംപസ് ഫ്രന്റ്, എസ്.ഐ.ഒ., എം.എസ്.എഫ്., കെ.എസ്.സി. തുടങ്ങി പല ബ്രാൻഡുകളിൽപ്പെട്ട വർഗ്ഗീയ- മതമൗലിക വിദ്യാർത്ഥിസംഘടനകൾ ഏറെക്കാലമായി നമ്മുടെ കലാലയങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. കോടതിയുടെ വിമർശനത്തിനു പാത്രമായതും നിയമാനുസൃതമല്ലാത്തതുമായ രാഷ്ട്രീയ പ്രയോഗങ്ങൾക്കു തടയിട്ടതുകൊണ്ടുമാത്രം പുതുതായി ഒരു വർഗ്ഗീയശക്തിയും കലാലയ വളപ്പുകളിലേക്ക് ഇനി കയറിവരാനില്ല.

പതിനെട്ട് വയസ്സ് തികഞ്ഞവർക്ക് വോട്ടവകാശമുള്ള നാട്ടിൽ ആ പ്രായം പിന്നിട്ട വിദ്യാർത്ഥികൾക്കു രാഷ്ട്രീയം അരുതെന്നു പറയുന്നതു വിവരക്കേടാണ് എന്നതാണ് മറ്റൊരു വാദം. സമ്മിതിദാനാവകാശമുള്ള വിദ്യാർത്ഥികൾക്കു രാഷ്ട്രീയം വേണ്ടെന്നു ആരും പറയുന്നില്ല. കലാലയങ്ങളെ കക്ഷിരാഷ്ട്രീയത്തിന്റെ പരിശീലനക്കളരികളാക്കരുത് എന്നേ മറുപക്ഷം ആവശ്യപ്പെടുന്നുള്ളൂ. കേംപസിനു വെളയിൽ ഇഷ്ടമുള്ള രാഷ്ട്രീയപ്പാർട്ടികളിൽ വിദ്യാർത്ഥികൾ പ്രവർത്തിക്കട്ടെ. പാർട്ടി നേതൃത്വം ആവശ്യപ്പെടുന്ന പരിപാടികളിൽ കോളേജുകൾക്കു വെളിയിൽ അവർ ഭാഗഭാക്കാവട്ടെ. ആരും അതിനെ ചോദ്യം ചെയ്യാൻ പോകുന്നില്ല.



കലാലയ രാഷ്ട്രീയവിലക്ക് അരാഷ്ട്രീയവാദപരമാണ് എന്നതാണ് കോടതിവിധിയെ വിമർശിക്കുന്നവരുടെ മൂന്നാമത്തെ വാദം. രാഷ്ട്രീയം സമം കക്ഷിരാഷ്ട്രീയം എന്ന പിഴച്ച ധാരണയിൽനിന്നാണ് ഈ വാദം ജനിക്കുന്നത്. പുറമേയുള്ള രാഷ്ട്രീയക്കാരാൽ മുച്ചൂടും നിയന്ത്രിക്കപ്പെടുന്ന പാർട്ടി പൊളിറ്റിക്സാണ് നമ്മുടെ കേംപസുകളിലുള്ളത്.

ഏതെങ്കിലും പ്രത്യേക വിദ്യാർത്ഥിസംഘടനയ്ക്കു മേധാവിത്വമുള്ള കലാലയങ്ങളിൽ ആ സംഘടന ഇതര വിദ്യാർത്ഥിസംഘടനകളെ കായികമായി അടിച്ചമർത്തുന്ന ജനാധിപത്യ വിരുദ്ധ രീതിയും സംസ്ഥാനത്തു പലയിടങ്ങളിലുമുണ്ട്. കക്ഷിരാഷ്ട്രീയത്തിനു പകരം കോളേജുകളിൽ കക്ഷ്യതീത രാഷ്ട്രീയം (ബൗദ്ധിക രാഷ്ട്രീയം) പ്രവർത്തനനിരതമായാൽ സംഘട്ടനാത്മക രാഷ്ട്രീയം സംവാദാത്മക രാഷ്ട്രീയത്തിനു വഴിമാറും. സംവാദാത്മക രാഷ്ട്രീയത്തെ കോടതിയോ മറ്റാരെങ്കിലുമോ വിമർശിക്കുന്നില്ല.

കക്ഷ്യതീത സംവാദാത്മക രാഷ്ട്രീയമാണ് വിദ്യാർത്ഥികളെ ആരോഗ്യകരവും അസങ്കുചിതവുമായ ജനാധിപത്യാവബോധത്തിലേയ്ക്കു നയിക്കുക. ഒരു പാർട്ടിയുടേയും ഉപകരണമല്ലാതെ പ്രവർത്തിക്കാനും പരമ സ്വതന്ത്രമായി രാഷ്ട്രീയ വിചിന്തനം നടത്താനും വിദ്യാർത്ഥിസമൂഹത്തിനു സാധിക്കണം. നിലവിലുള്ള വിദ്യാർത്ഥി രാഷ്ട്രീയത്തിൽ അതു സാധ്യമല്ല. അപര ആശയങ്ങളെ അഹിംസാത്മകമായി നേരിടുക എന്നതിലേറെ അപര രാഷ്ട്രീയ പ്രതിനിധാനങ്ങളെ ഹിംസാത്മകമായി എതിരിടുക എന്ന തത്ത്വവും പ്രയോഗവുമാണ് കലാലയ രാഷ്ട്രീയത്തിൽ ദീർഘകാലമായി നിലവിലുള്ളത്.

മേൽപ്പറഞ്ഞ തത്ത്വത്തിലും പ്രയോഗത്തിലും പൊളിച്ചെഴുത്തു കൂടിയേ തീരൂ. ഒരു രാഷ്ട്രീയപ്പാർട്ടിയുടേയും വാലാകാതെ സർവ്വതന്ത്ര സ്വതന്ത്രമായി ചിന്തിക്കാനും രാഷ്ട്രീയ സാമൂഹിക വിഷയങ്ങളിൽ തീരുമാനങ്ങളെടുക്കാനും പ്രാപ്തിയുള്ള വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതാകണം വിദ്യാർത്ഥി രാഷ്ട്രീയം. അംബേദ്കറുടെ വാക്കുകൾ കോടതി ഉദ്ധരിക്കുകയുണ്ടായി.

ജനങ്ങളാൽ അംഗീകരിക്കപ്പെട്ട ഭരണഘടനയുള്ള രാജ്യത്ത് ആ ഗ്രന്ഥത്തിന്റേയും അതനുശാസിക്കുന്ന നിയമവ്യവസ്ഥയുടേയും അടിസ്ഥാനത്തിൽ വേണം കലാലയരാഷ്ട്രീയം മുന്നോട്ടു പോകാൻ.



ഭരണകൂടമോ കലാലയ നടത്തിപ്പുകാരോ വിദ്യാർത്ഥികളുടെ ന്യായമായ അവകാശങ്ങൾ ഹനിക്കുന്നുണ്ടെങ്കിൽ അതിനെതിരെ നിയമാനുസൃത പ്രതിഷേധമുറകളും നടപടികളും അവലംബിക്കുകയാണ് വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ ചെയ്യേണ്ടത്.

പകരം, നിയമം കയ്യിലെടുത്തു പ്രതിയോഗികളെ നേരിടുമ്പോൾ വിദ്യാർത്ഥി രാഷ്ട്രീയം പേശീബല രാഷ്ട്രീയമായി തരംതാഴുന്നു. ജനാധിപത്യപരമല്ല, ഗുണ്ടാധിപത്യപരമാണ് പേശിബല രാഷ്ട്രീയം. വിദ്യാർത്ഥികളിൽ വളരേണ്ടതു ഗുണ്ടാധിപത്യപരവും ഫാസിസപരവുമായ അവബോധമല്ല എന്ന അഭിപ്രായമുള്ള രാഷ്ട്രീയ നേതാക്കൾ വല്ലവരുമുണ്ടെങ്കിൽ അവർ മേൽച്ചൊന്ന ഹൈക്കോടതി വിധിയെ സ്വാഗതം ചെയ്യേണ്ടിയിരിക്കുന്നു.

**സമകാലിക മലയാളം,**

**23 ഒക്ടോബർ, 2017.**



# Draft rules and dissent

**Akshay Deshmane**

On March 31 this year, the Union government released the draft Right to Information (RTI) Rules, 2017, for public consultation. The draft rules, all 22 of them, were ostensibly proposed to implement the RTI Act in a better manner. However, within days of their release, the rules became controversial, with civil society groups and opposition parties criticising them and an international non-profit even terming one of the rules a "death sentence" for RTI users.

But the criticism of these draft rules, which are yet to be notified, was not only limited to civil society and the opposition parties. *Frontline* has learnt that voices critical of the new rules have been raised within the government too. M. Sridhar Acharyulu, a serving Central Information Commissioner, has sent a 10- page response to the Department of Personnel and Training (DoPT), the nodal government department that drafted and released the rules.

Acharyulu's response, accessed by *Frontline*, expresses the former law professor's suggestions and deftly worded criticisms about the draft rules in extensive detail. It raises questions about several problematic rules, seeks their withdrawal or redrafting, and flags at least one as "illegal".

The Central Information Commission (CIC), a 10-member quasi-judicial body, is the topmost adjudicating authority for all requests made by Indian citizens seeking information from public authorities under the RTI Act. Government officials are legally obliged to follow directions and orders passed by the Central Information Commissioners. However, the commission was not consulted by the DoPT when the RTI rules were drafted, even though their actual implementation is the chief responsibility of the commission itself. This is a fact that Acharyulu emphasises at the beginning of his response.

In recent years, dissenting voices from the CIC have been, at best, sporadic and rare. Acharyulu's detailed and nuanced response to the new rules is, therefore, significant for its straight talk to the DoPT, which reports directly to the Prime Minister's Office.

The response may be broadly divided into two sections: the first contains his suggestions for the possible introduction of new, detailed procedures that are not there in the draft rules and



the second comprises comments on the draft rules proposed by the DoPT. In the comments, Acharyulu raises questions and makes suggestions for rules he is evidently not impressed by.

**CONTROVERSIAL RULE**

Consider draft Rule no. 12, the most controversial one that the international non-profit organisation Commonwealth Human Rights Initiative referred to as a “death sentence” for RTI users. This draft rule is controversial for the following reasons. It specifies the conditions under which an RTI user can withdraw his appeal for information from the CIC. Section 1 of the rule empowers the CIC to permit withdrawal of appeals for information by RTI users and Section 2 states that the proceedings pending before it “shall abate” if the person making the appeal dies before a decision is arrived at. This has alarmed RTI users and pro-transparency campaigners who have pointed out that silencing and attacking those who ask uncomfortable questions could now become easier (See “Diluting a right”, *Fronline*, *May 12,2017* for a detailed explanation).

Acharyulu has supported section one but asked for the second section to be “deleted”. Calling it “Ultra vires SS 19, 20”, or beyond the powers of the sections 19 and 20 of the RTI Act, he explains his reasons for seeking the deletion thus: “Suppose before death of the appellant, Commission issues (a) show cause notice and explanation submitted warrants penalty, why should the PIO [Public Information Officer] not be punished if applicant dies? Or if the information has been directed to be disclosed, why can’t compliance be enforced? In a civil case the rights do not cease to exist on death of parties. Right to Information is civil right, and RTI Act is not criminal law. If applicant is killed by mafia about whom the information was sought, why should it not be disclosed? Will law allow killing of applicant and also the appeal and RTI?”

Incidentally, a rule with identical sections was first proposed for incorporation in 2007 by the CIC itself. Repeated attempts to incorporate it failed as it was always controversial. The second United Progressive Alliance (UP A) government’s tenure also witnessed a similar effort and controversy and the government yielded by withdrawing the rule.

DoPT officials told *Frontline* in mid September that the government had taken note of the mounting criticism to Rule 12 and was likely to withdraw it. This will be reflected in the rules



that finally get notified. A DoPT official said that a fresh draft of the rules, which excludes Rule 12, was already being discussed internally. The CIC was also being consulted, the official added.

Rule 12 is not the only one that has invited criticism from veteran RTI users and experts. It appears that the controversial Rule 17, which Acharyulu as well as the prominent RTI activist Subhash Chandra Agrawal has objected to, may still remain in the final list of rules to be notified. Rule 17 concerns “posting of appeal/complaint/non-compliance before the Information Commissioner”. This rule seeks to empower the Chief Information Commissioner to direct a bench of two or more Information Commissioners to conduct a hearing in any given case of his choice, either at the request of any IC or on a suo motu basis.

Acharyulu has taken strong objection to this, calling it “illegal” and suggesting that introduction of such a rule means that the executive wants to “dilute or reduce or destroy powers” of individual commissioners. He has suggested either fully doing away with the rule or redrafting it. “The Act did not provide for constitution of Division Benches or larger benches. Making rules for larger Bench, which is not provided by Act, is illegal and ultra vires RTI Act. If by practise or convention, constituting bench is felt appropriate by the Commission, for the same involves an intricate question of law or larger public interest, IC should be left with power to decide and only on his reference or request, the Chief can constitute larger Bench. Executive government cannot dilute or reduce or destroy powers of individual commissioner or enhance the powers of [the] Chief Information Commissioner against the law by Parliament,” he said.

There are six other draft rules which, though less controversial, have come under Acharyulu’s scrutiny for their significant impact on citizens’ ability to use RTI for getting information. One that directly impacts citizens is draft Rule 4, which details the fees to be paid by RTI users for accessing information. The Central Information Commissioner argues that the current Rs.2 per page or Rs.4 per sheet rate is “double than market” rate and that the “government cannot charge exorbitantly or double than a private commercial shop”.

**MODE OF PAYMENT**

Draft Rule 6, another rule of similar nature, details the mode of payment. In his suggestions on this rule, Acharyulu has noted a practice among some PIOs that adds unnecessary bureaucracy



and wastes tax-payer's money. He describes it thus: "Some PIOs are spending Rs.100 in demanding Rs.10, which is already paid to the Government of India on purchase of an IPO [Inland Postal Order]. If each PIO spends Rs.100 demanding new IPO for Rs.10 every day, imagine how much public money is wasted. Even if applicant gives fresh IPO in response, still state suffers loss of Rs.90. The common sense also should be used along with legal power!"

To prevent this, Acharyulu has suggested adding a couple of clarifying sentences to draft Rule 6 to make it explicit that no application can be rejected if the applicant has attached an IPO with it.

Noting that Hindi and English, the languages mandated to be used for official proceedings of the commission, do not suffice, Acharyulu has suggested that other "constitutionally recognised languages" be permitted. "If both the parties and the commission know either Telugu or Tamil, why should they not conduct in such language?" he asked.

The remaining three are draft Rules 10, 15 and 16. Rule 10 concerns certain conditions attached to the power of appeal. This rule is also not contained in the powers vested from the RTI Act. This could be left to the discretion of the Information Commissioner, Acharyulu suggested.

**ON PROCEDURE**

Rule 15 details the procedure for deciding what decisions to take about the complaints received from RTI applicants. Seeking the total deletion of this rule, the former law professor wrote: "It has to be left to CIC to deal with complaints in its own discretion. The Executive Government cannot interfere with this power specifically provided by RTI Act."

Rule 16 pertains to compliance with the orders of the commission. Arguing in favour of the deletion of this rule in entirety, he argued that since there was no official format for filing RTI applications, complaints and appeals, compliance with the commission's orders also does not need it.

While Acharyulu's comments and suggestions about the existing draft rules proposed in the RTI Rules, 2017, are exhaustive, his suggestions for making fresh rules to streamline everyday working of the right to information system are even more detailed. Covering vast ground, the Central Information Commissioner has sought the preparation of new rules and guidelines for the following: a) implementation of section 4; b) detailed rules for Central PIOs to effectively

tackle RTI requests; c) comprehensive guidelines on dealing with first appeals; d) rules on staff and resources for the CIC and RTI wings of public authorities; e) rules to clarify determination of publie authority under RTI Act; and f) rules on maintenance of records and missing files.

Acharyulu has applied his academic rigour and practical experience of adjudicating RTI appeals to the new draft rules released by the government. It remains to be seen if those who draft the final rules for notification stay true to both the letter and the spirit of the RTI Act, which is a landmark and historic piece of legislation that has empowered citizens in an unprecedented manner.

**Frontline,**
**13 October, 2017**



# Blueprint for privatisation

## T.K. Rajalakshmi

For the first time in independent India, it has been openly admitted in a national health policy document that critical gaps in healthcare would be filled by the private sector. The draft three-year action agenda (2017-18 to 2019-20) of the National Institution for Transforming India, or NITI Aayog, talks of making a quantum jump in health outcomes in the next 15 years and about public -private partnerships (PPPs) as “growth enablers”. A concerted push to make PPPs an integral part of the health delivery system seems to be underway, the ostensible reason being to strengthen health systems without a corresponding increase in health budgets.

A project proposal and a draft model concessionaire agreement (MCA), drawn up by NITI Aayog and the Ministry of Health and Family Welfare (MoHFW) in June this year advocates adopting the PPP model in healthcare and health delivery services. The framework for such a partnership is outlined in a project which goes out of its way to accommodate and facilitate private players in the health care system in the name of augmenting select healthcare services for non-communicable diseases (NCDs) in tier 2 and tier 3 cities, which, as is commonly known, already have better infrastructure compared with smaller mofussil towns and cities. The concessionaire agreement is to be drawn between State governments and selected private partners in the form of a PPP for the treatment of NCDs.

These services are primarily aimed at preventing and treating NCDs to “augment” the government’s NCD response capacity, especially at the secondary level, to “decongest tertiary facilities at the State level and expand access to secondary and basic tertiary level services at the district level.”

Letters were sent to Chief Secretaries of States in the first week of June asking for responses to the proposed MCA document that attempts to put in place a “robust, scalable and a sustainable PPP model in the health sector”. Interestingly, the model and the agreement aim at “prevention and treatment services for non-communicable diseases(cardiac sciences, oncology and pulmonary sciences)”. This fits in with the growing global emphasis on NCDs, despite the



fact that communicable diseases such as multidrug-resistant tuberculosis (MDR-TB), vector-borne diseases and hunger induced morbidity still constitute a major challenge to the morbidity and mortality burden in developing countries such as India. The objective to create infrastructure and develop capacity in the assigned district hospital to provide basic tertiary care and advanced secondary care related to the three NCDs does not, therefore, indicate a seriousness regarding the health challenges facing the country, more so in the context of more than a hundred infant deaths in two district government hospitals (BRD Medical College, Gorakhpur, and District Hospital, Farookhabad) that have underscored the need for greater government expenditure on health as a whole.

The reasons cited for this PPP push in the area of NCDs include goal number 3 of the United Nations sustainable development goals which aims at a one-third reduction in premature mortality from NCDs through prevention and treatment. Other reasons include “large infrastructure gaps”, especially in rural areas, significant gaps in human resources, especially at the level of specialists, and constrained fiscal space for States to provide increased allocations for NCDs. Quoting the National Sample Survey Office’s (NSSO) 7lst Round (January-June 2014): Key Indicators of Social Consumption in India, which found that 72 per cent of the rural populace and 79 per cent of the urban populace sought health care in the private sector owing to shortage of infrastructure and human resources, the draft note makes a strong argument for augmenting infrastructure and addressing the gap in the “operational capacity” and in human resource. The implementing authority (the State government) would not only hand over built-up space or vacant land to the project, but allocate “designated constructed area for establishment of allied commercial services as cafeteria, bookshops, ATM, that add value for visitors at the hospital”.

NITI Aayog had engaged the World Bank as a technical partner and apparently held wide consultations with the States, industry and other stakeholders in the run-up to the draft MCA. In order to give a direction to enhanced private sector engagement through PPPs to address the “growing burden of NCDs”, NITI Aayog’s project aims to “improve access to



quality screening, diagnostic and treatment services related to cardiology, oncology and pulmonology in district hospitals through public-private partnerships"; decongest tertiary facilities at the State level; reduce out-of-pocket expenditures on diagnosis, treatment and care; and create infrastructure and augment capacity at district hospitals to provide tertiary care and advanced secondary care in the three NCD specialities in the medium and long term. Under the scheme, the services can be accessed by everyone; the patients referred by the State government will receive cashless NCD services and the costs will be reimbursed to the private parties at agreed rates. Another category of "patients", designated as "self-paying" patients, will pay at agreed rates. The concept of "free treatment" at government hospitals does not appear to be part of the scheme though the draft aims at reducing out-of- pocket expenditure.

**AUGMENTING PRIVATE PLAYERS AT PUBLIC COST**

